9. വിദ്യാഭ്യാസ സമീപന രേഖയിൽ തൊഴിൽ സംസ്കാരം വളർത്തിയെടുക്കേണ്ടതിനെപ്പറ്റി പറയുന്നുണ്ടെങ്കിലും പ്രൈമറി ക്ലാസുകളിൽ ഇതിനുള്ള വ്യക്തമായ നിർദ്ദേശങ്ങളില്ല.

10. മൂന്നാം ക്ലാസ് മുതൽ നല്ല മലയാള ഗദ്യപാഠങ്ങൾ തിരഞ്ഞെടുക്കണം.

11. ഭാഷാപരിചയവും കാവ്യാസ്വാദന ശീലവും ഉളവാക്കുന്നതായിരിക്കണം കവിതാപഠനം. കൂടാതെ, ക്ലാസ് തിരിച്ച് ഒട്ടനവധി നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കമ്മിറ്റി നൽകിയിട്ടുണ്ട്.

21 (*107) പാഠപുസ്തകങ്ങൾ അച്ചടിച്ച് ലഭ്യമാക്കുന്നതിലെ കാലതാമസം

ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എ. അബീഹസ്സൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠപുസ്തകങ്ങൾ അച്ചടിക്കാൻ താമസിക്കുന്നതായി സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ വർഷം കഴിയാറായിട്ടും പാഠപുസ്തകങ്ങൾ ലഭിക്കാത്തസ്ഥിതി ഉണ്ടെന്നറിയാമോ;

(സി) പാഠപുസ്തകങ്ങൾ കൃത്യസമയത്ത് ലഭ്യമാക്കുവാൻ എന്തു നടപടിയാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് എല്ലാ സ്കൂളുകൾക്കും അത്യാവശ്യമായ പാഠപുസ്തകങ്ങൾ ഈ വർഷം വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഏതെല്ലാം വിഷയങ്ങളിലെ പാഠപുസ്തകങ്ങളാണ് വിതരണം ചെയ്യാൻ ബാക്കിയുള്ളത്;

(എഫ്) പാഠപുസ്തക വിതരണത്തിൽ കാലതാമസം നേരിട്ടതിന് കാരണമെന്താണെന്ന് വിശദമാക്കുമോ;

(ജി) അടുത്ത വർഷം മുതൽ ജൂൺ മാസത്തിൽ തന്നെ പാഠപുസ്തകങ്ങൾ മുഴുവനും വിതരണം ചെയ്യാൻ വേണ്ട സംവിധാനം ഏർപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്):

(എ) ഉണ്ട്.

(ബി) ലഭ്യമായ എല്ലാ പരാതികളും പരിഹരിച്ച് ഈ വർഷത്തേക്കാവശ്യമായ പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയാക്കിയിട്ടുണ്ട്.

(സി) പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി സംസ്ഥാനതലത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഉന്നതതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പുതുതായി നിലവിൽ വരുന്ന പാഠപുസ്തകങ്ങളുടെ രചന കൃത്യസമയത്തു തന്നെ പൂർത്തിയാക്കുന്നതിന് എസ്.സി.ഇ.ആർ.

LIBRARY ARCHIVES Kerala Legislative Assembly

റ്റി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പാഠപുസ്തകങ്ങളുടെ അച്ചടി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു വേണ്ടി കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റി, കേരളാ സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ, ഗവൺമെന്റ് പ്രസ്സുകൾ. പ്രൈവറ്റ് പ്രസ്സുകൾ എന്നിവയുടെ സേവനം ഉപയോഗപ്പെടുത്താറുണ്ട്.

(ഡി) ഉണ്ട്.

(ഇ) ബാധകമല്ല.

(എഫ്) ആറാം ക്ലാസ്സിൽ പുതുതായി ഏർപ്പെടുത്തിയ പാഠപുസ്തകങ്ങൾ തയ്യാറാക്കിയതിലുണ്ടായ കാലതാമസം അവയുടെ സമയോചിതമായ അച്ചടിയിലും വിതരണത്തിലും പ്രതിഫലിച്ചു. പേപ്പർ ലഭ്യത വൈകിയതു കാരണവും കുറച്ച് കാലതാമസമുണ്ടായി. വിതരണത്തിലുണ്ടായ വീഴ്ചകളും കാരണമായി.

(ജി) ഇതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

22 (*108) സ്കൂളുകൾ ദത്തെടുക്കൽ

ശ്രീ. എം. മുരളി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീമതി. രാധാ രാഘവൻ :
ശ്രീ. എ.കെ. മണി :
ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജയശതമാനം ലക്ഷ്യമിട്ട് സംസ്ഥാനത്ത് സ്കൂളുകൾ ദത്തെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതി ഏതൊക്കെ ജില്ലകളിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) നിർദ്ധനരും സമർത്ഥരുമായ വിദ്യാർത്ഥികൾക്ക് ഈ പദ്ധതി മൂലമുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) ആദ്യഘട്ടത്തിൽ ഈ പദ്ധതിയിൻ കീഴിൽ എത്ര സ്കൂളുകളെ ഉൾപ്പെടുത്തുമെന്നും എത്ര വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്നും പറയുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) സ്കൂൾ ദത്തെടുക്കുന്ന പദ്ധതി ഇതിനകം ഏറ്റെടുത്ത് നടപ്പാക്കി വരുന്നു.

(ബി) എല്ലാ ജില്ലകളിലും നടപ്പാക്കി വരുന്നു.

(സി) എസ്.എസ്.എൽ.സി. പരീക്ഷയുടെ വിജയശതമാനം ഉയർത്തുന്നതിനായി താരതമ്യേന പഠന നിലവാരം കുറഞ്ഞ വിദ്യാർത്ഥികൾക്കു വേണ്ടിയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. നിർദ്ധന വിദ്യാർത്ഥികൾക്ക് പ്രത്യേക സഹായമൊന്നും നൽകുന്നില്ല. എന്നാൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മറ്റു സന്നദ്ധസംഘടനകളും ഈ പരിപാടിയുമായി സഹകരിക്കുകയും സ്കൂൾ സമയം കഴിഞ്ഞ് പഠനത്തിലേർപ്പെടുന്ന വിദ്യാർത്ഥികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly